# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6328 — 20.11.2019 ൽ മറുപടിയ്ക്ക്

## കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന പദ്ധതികൾ

*ചോദ്യം*
ശ്രീ.എം. വിൻസെന്റ് :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** തൊഴിൽ അന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | | **(എ)** വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ടു മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തത്തക്ക വിധത്തിലും തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുമാണ് പരിശീലന പദ്ധതികൾ KASE ആവിഷ്കരിച്ചുവരുന്നത്. നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ<br>3. കൗശൽകേന്ദ്രകൾ<br>4. കേരളസ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br>5. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ<br>6. സ്റ്റേറ്റ് ജോബ് പോർട്ടൽ<br>7. സ്കിൽ രജിസ്ട്രി<br>ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ |

| | | |
|---|---|---|
| | | 1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ |
| **(ബി)** സംസ്ഥാനത്തിന്റെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയം രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിനായി സ്റ്റേറ്റ് ലെവൽ സ്റ്റീയറിംഗ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | **(ബി)** സംസ്ഥാനത്തെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് കരട് നയം രൂപീകരിക്കാൻ ട്രെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളും ഏകോപനത്തിനും നയരൂപീകരണത്തിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി രൂപീകരിച്ച ഭരണപരമായ ചട്ടക്കൂടിന്റെ ഭാഗമായുള്ള കാര്യ നിർവ്വഹണ സമിതികളിലൊന്നാണ് ബഹു. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ. |
| **(സി)** നിലവിൽ സെന്റർ ഫോർ എക്സലൻസ് ഏതൊക്കെ മേഖലകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അവയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഏതെങ്കിലും മേഖലയിൽ തിരുത്തൽ ആവശ്യമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | **(സി)** നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ്, സെക്യൂരിറ്റി, ടീച്ചിങ്, വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ എന്നീ മേഖലകളിലാണ് നിലവിൽ 'കെയ്സ്'-ന്റെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഈ മികവിന്റെ കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന പരിശീലന പദ്ധതികൾ കേരള അക്കാദമി ഫോർ സ് കിൽസ് എക്സലൻസിന്റെ മാനേജിങ് ഡയറക്ടറുടെ മേൽനോട്ടത്തിൽ അവലോകനം നടത്താറുണ്ട്.ഈ മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കൂടുതൽ പ്ലേസ്മെന്റ് ഉറപ്പ് വരുത്തുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| **(ഡി)** ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് ഡിസൈനിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എടുത്ത തീരുമാനം വ്യക്തമാക്കുമോ? | | **(ഡി)** നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

Bindu

സെക്ഷൻ ഓഫീസർ